ഒക്ടോബർ
2025

# M E S BYTES

MES HIGHER SECONDRY SCHOOL IRIMBILIYAM PIN 679572

Little KITEs e News Paper

EMAIL : meshsibm@gmail.com | https://meskerala.com

## ലിറ്റിൽ കൈറ്റ് സ്കൂൾ യൂണിറ്റ് ക്യാമ്പ് -2025 രണ്ടാം ഘട്ടം



ഇരിമ്പിളിയം എം.ഇ.എസ് ഹയർസെക്കൻ്ററി സ്കൂളിലെ ലിറ്റിൽകൈറ്റ്സ് 2024-27 ബാച്ചിന്റെ രണ്ടാംഘട്ട സ്കൂൾ ക്യാമ്പ് 2025 ഒക്ടോബർ 27 തിങ്കളാഴ്ച നടന്നു .43 കുട്ടികൾ പങ്കെടുത്ത ഏകദിന ക്യാമ്പിൽ ഓപ്പൺ ടൂൺസ്, സ്ക്രാച്ച് എന്നീ സോഫ്റ്റ്‌വെയറുകളിൽ പരിശീലനം നൽകി .ഹെഡ്മാസ്റ്റർ അഷ്‌റഫലി കെ ക്യാമ്പിന്റെ ഉദ്ഘാടനം നിർവഹിച്ചു.ലിറ്റിൽ കൈറ്റ് മെന്റർ മുഹമ്മദ് മുനീർ സ്വാഗതം പറഞ്ഞു.മറാക്കര വി.വി.എം ഹയർസെക്കൻ്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ് മെന്റർ നജീബ് പറമ്പിൽ ക്ലാസെടുത്തു.ലിറ്റിൽ കൈറ്റ് മെന്റേർസായ മുഹമ്മദ്മുനീർ , ഹഫ്സ ,SITC ഫൈസൽ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.ലിറ്റിൽ കൈറ്റ്സ് അംഗം അൻസില നന്ദി പറഞ്ഞു.4 മണിക്ക് ക്യാമ്പ് അവസാനിച്ചു.

## ചിത്രരചന മത്സരം നടത്തി

ഇരിമ്പിളിയം എം. ഇ. എസ് ഹയർസെക്കന്ററി സ്കൂളിൽ കൈത്തറി വസ്ത്രങ്ങളുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിനും ഉപയോഗം പ്രോൽസാഹിപ്പിക്കുന്നതിനും വേണ്ടി ഒക്ടോബർ ഒമ്പതിന് ചിത്രരചന മത്സരം സംഘടിപ്പിച്ചു.അദ്വൈത 8.Iഒന്നാം സ്ഥാനവും ഫാത്തിമ സമർ 8.J രണ്ടാം സ്ഥാനവും ഫാത്തിമ ഹംദ 8G മൂന്നാം സ്ഥാനവും കരസ്ഥമാക്കി. പരിപാടിക്ക് അധ്യാപികയായ ഷബ്ന്നാസ് നേതൃത്വം നൽകി

## പുസ്തകവിതരണം നടത്തി

ഇരിമ്പിളിയം എം. ഇ. എസ് ഹയർസെക്കന്ററി സ്കൂളിൽ എട്ട് ഒമ്പത് പത്ത് ക്ലാസു കളിലെ വിദ്യാർത്ഥി കൾക്ക് രണ്ടാം ഘട്ടപുസ്തക വിതരണം നടത്തി.അധ്യാപകനായ മുഹമ്മദ് മുനീർ പുസ്തക വിതരണത്തിന് നേതൃത്വം നൽകി.

## കുറ്റിപ്പുറം ഉപജില്ല ശാസ്ത്രമേള:

### ഹൈസ്കൂൾ വിഭാഗം
### ഗണിത-സാമൂഹ്യശാസ്ത്ര മേളയിൽ ഓവറോൾ രണ്ടാം സ്ഥാനം

കുറ്റിപ്പുറം ഉപജില്ല ശാസ്ത്രോൽസവത്തിൽ ഇരിമ്പിളിയം എം.ഇഎസ് ഹയർസെക്കൻഡറി സ്കൂൾ ഹൈസ്കൂൾ വിഭാഗത്തിൽ ഗണിത സാമൂഹ്യശാസ്ത്ര മേളകളിൽ ഓവറോൾ രണ്ടാം സ്ഥാനവും ശാസ്ത്രമേളയിൽ ഓവറോൾ മൂന്നാം സ്ഥാനവും ഐ. ടി മേളയിൽ അഞ്ചാം സ്ഥാനവും പ്രവർത്തിപരിചയ മേളയിൽ ഏഴാം സ്ഥാനവും നേടി.വിജയികളെയും പരിശീലനത്തിന് നേതൃത്വം നൽകിയ അധ്യാപകരെയും ഹെഡ്മാസ്റ്റർ അഷ്‌റഫലി കെ അനുമോദിച്ചു.

## ഒമ്പതാം ക്ലാസ്‌തല ഫുട്ബോൾ മത്സരം: 9B -9N ക്ലാസുകൾ ഫൈനലിൽ



ഇരിമ്പിളിയം എം. ഇ. എസ് ഹയർസെക്കൻ്ററി സ്കൂളിൽ ഒമ്പതാം ക്ലാസുകൾക്ക് എം.ഇഎസ് സൂപ്പർ കപ്പ് 2025 ക്ലാസ്‌തല ഫുട്ബോൾ മത്സരം സംഘടിപ്പിച്ചു.ഉച്ചക്കും വൈകുന്നേരവുമായി നടന്ന മത്സരങ്ങളിൽ 9B ക്ലാസും 9N ക്ലാസും ഫൈനലിൽ എത്തി. നവംബർ മാസത്തിലാണ് ഫൈനൽ മത്സരം.അധ്യാപകരായ അമീറലി, ദിലീപ്, നജ്ജുദ്ധീൻ, കോച്ച് ഹാരിസ് എന്നിവർ നേതൃത്വം നൽകി.

## എന്റെ സ്കൂൾ എന്റെ അഭിമാനം -റീൽസ് നിർമ്മിച്ചു.

സംസ്ഥാനത്തെ സ്കൂളുകൾക്ക് കൈറ്റ് വിക്ടേഴ്സ് സംഘടിപ്പിക്കുന്ന എന്റെ സ്കൂൾ എന്റെ അഭിമാനം എന്ന റീൽസ് മത്സരത്തിൽ ഇരിമ്പിളിയം എം ഇ എസ് ഹയർ സെക്കന്ററിസ്കൂളിലെ ലിറ്റിൽ കൈറ്റ് യൂണിറ്റും പങ്കെടുത്തു. സ്കൂളിന്റെ ഭൗതികസൗകര്യങ്ങളും മികവുകളും ഉൾപ്പെടുത്തി വിഡിയോ റെക്കോർഡിങും എഡിറ്റിങ്ങും നടത്തിയത് ലിറ്റിൽ കൈറ്റ്സ് അംഗങ്ങളാണ്.ലിറ്റിൽ കൈറ്റ്സ് അംഗമായ ഷാൻ ഷരീഫ് റീൽസിന് വോഴ്സ്ഓവർ നൽകി.ഹെഡ്മാസ്റ്റർ അഷ്‌റഫലി കെ തയ്യാറാക്കിയ റീൽസ് കൈറ്റ് വിക്ടേഴ്സിന്റെ വാട്സആപ്പ് നമ്പറിലേക്ക് അയച്ച് കൊടുത്തു. കൈറ്റ്മെന്റേഴ്സായ മുഹമ്മദ് മുനീർ , ഹഫ്സ, ഷമ്മഷാഫി, അനീഷ് എന്നിവർ നേതൃത്വം നൽകി.

## ശ്രദ്ധ നവപ്രഭ -പ്രത്യേക പരിശീലനം നൽകി

ഇരിമ്പിളിയം എം. ഇ. എസ് ഹയർസെക്കൻഡറി സ്കൂളിലെ എട്ട് ഒമ്പത് ക്ലാസുകളിൽ പഠനത്തിൽ



നിൽക്കുന്നവിദ്യാർ മിഷൻ പരിശീലനം അമ്പത് രാവിലെയും അമ്പത് ശേഷവുമായാണ് പിന്നോക്കം ത്ഥികൾക്ക് ശ്രദ്ധ,നവപ്രഭ പോസിബിൾ പ്രത്യേക നൽകി.എട്ടാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് ഒമ്പതാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് ഉച്ചക്ക് പരിശീലനം നൽകിയത്. അധ്യാപകരായ അനീഷ്, അൻവർ, സുരേഷ് , റഫീഖ്, സമീർ ,നിഹാൽ എന്നിവർ വിവിധ സെഷനുകൾ കൈകാര്യം ചെയ്തു.

## ടി ഡി വാക്സിൻ നൽകി

ഇരിമ്പിളിയം എം. ഇ. എസ് ഹയർസെക്കൻഡറി സ്കൂളിൽ പത്താം ക്ലാസിലെ വിദ്യാർത്ഥികൾക്ക് ഡിഫ്തീരിയ, ടെറ്റനസ് എന്നിവയ്ക്കെതിരായ സംരക്ഷണത്തിനായി ഇരിമ്പിളിയം ഹെൽത്ത് സെന്ററിന്റെ സഹകരണത്തോടെ സ്കൂളിൽവെച്ച് വാക്സിൻ നൽകി.അധ്യാപകനായ നവാസ് നേതൃത്വം നൽകി.




## നാഷണൽ ഫുട്ബോൾ ചാമ്പ്യൻഷിപ്പ്: കേരളത്തിനായി ബൂട്ടണിയാൻ 10B ക്ലാസിലെ സജീറും

ത്രിപുരയിൽവെച്ച് നടക്കുന്ന നാഷണൽ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ കേരള ജൂനിയർ ഫുട്ബോൾ ടീമിൽ ഇരിമ്പിളിയം എം.ഇ.എസ്ഹയർ സെക്കൻ്ററി സ്കൂളിലെ 10 B ക്ലാസിൽ പഠിക്കുന്ന സജീറും ബൂട്ടണിയും.സ്കൂൾകായിക



അധ്യാപകനും കേരള ഫുടബോൾ ടീം കോച്ചുമായ ദിലീപിൻ്റെ പരിശീലനം സജീറിനെ ഉയരങ്ങളിലെത്താൻ സഹായിച്ചു.ദേശീയതലത്തിൽ മത്സരിക്കാൻ പോകുന്ന സജീറിന് സ്റ്റാഫും മാനേജ്മെന്റും പി ടി എ യും എല്ലസഹായവും പിൻതുണയും നൽകും.